**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻ്റർ സ്കൂൾ സെൻ്ററിലെയും പ്രവേശനത്തിനായി നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ ചോദ്യങ്ങൾ ചോദ്യ ബാങ്ക് സോഫ്റ്റ്വെയറിൽ ചേർക്കുന്നത് സംബന്ധിച്ച് പുതിയതായി ആരംഭിച്ചിട്ടുള്ള പഠന വകുപ്പുകളിലെ അദ്ധ്യാപകർ ക്കും ഇതുവരെ ട്രെയിനിങ് ലഭിച്ചിട്ടില്ലാത്തതും ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള അദ്ധ്യാപകർക്കുമായി പരിശീലനം നൽകുവാൻ ഡോ സുമേഷ് എ. എസ് , അസിസ്റ്റൻ്റ് പ്രൊഫസർ , എം. ഇ. എസ്. കോളേജ് നെടുങ്കണ്ടത്തെ ചുമതലപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തിന് നിയമാനുസൃതമുള്ള ടി.എ, / ഡി.എ അനുവദിച്ചു കൊണ്ടും പരിശീലന പരിപാടി 21.02.2022 തിങ്കളാഴ്ച 10.30 എ.എം ന് സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനെസ്സ് സ്റ്റഡീസിൽ വെച്ച് സംഘടിപ്പിക്കുവാനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 1651/AC B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.02.2022

---

*പരാമർശം:-*സർവ്വകലാശാല ഉത്തരവ് നമ്പർ നം. 933 /AC B 7/2022 /എം.ജി.യു തീയതി: 28 .01.2022

**ഉത്തരവ്**

മേൽ പരാമർശം പ്രകാരം സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻ്റർ സ്കൂൾ സെൻ്ററിലെയും പ്രവേശനത്തിനായി നടത്തുന്ന പൊതുപ്രവേശന പരീക്ഷയ്ക്ക് വേണ്ടിയുള്ള ചോദ്യങ്ങൾ ചോദ്യ ബാങ്ക് സോഫ്റ്റ്വെയറിൽ ചേർക്കുന്നത് സംബന്ധിച്ച് പുതിയ പഠന വകുപ്പുകളിലെ അദ്ധ്യാപകർക്കും നിലവിലുള്ള പഠന വകുപ്പുകളിലെ ഇതുവരെ ട്രെയിനിങ് ലഭിച്ചിട്ടില്ലാത്ത അധ്യാപകർക്കുമായി പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ ഉത്തരവ് ആയിരുന്നു.

ഇതനുസരിച്ച് മുൻ വർഷങ്ങളിൽ പഠന വകുപ്പുകളിലെ അധ്യാപകർക്ക് ചോദ്യ ബാങ്കിൽ ചോദ്യങ്ങൾ ചേർക്കുന്നത് സംബന്ധിച്ച പരിശീലനം നൽകിയ ഡോ സുമേഷ് എ. എസ്, അസിസ്റ്റൻ്റ് പ്രൊഫ., എം. ഇ. എസ് കോളേജ് നെടുങ്കണ്ടത്തെ ഈ വർഷവും സർവകലാശാലയുടെ പഠന വകുപ്പുകളിലെ അധ്യാപകർക്ക് പരിശീലനം നൽകുവാൻ ചുമതലപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തിന് നിയമാനുസൃതമുള്ള ടി.എ/ഡി.എ അനുവദിച്ചുകൊണ്ടും പരിശീലന പരിപാടി 21.02.2022 തിങ്കളാഴ്ച 10.30 എ.എം ന് സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനെസ്സ് സ്റ്റഡീസിൽ വെച്ച് സംഘടിപ്പിക്കുവാനും രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

Draft #2 of File 55871/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Feb-2022 01:31 PM - Page 1

പ്രസ്തുത ആവശ്യത്തിലേക്കുള്ള ചിലവ് സർവ്വകലാശാലയുടെ നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള '22 101 03' ട്രാവലിംഗ് & കൺവെയൻസ് എക്സ്പെൻസസ് എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ ഉൾക്കൊള്ളിച്ച് നൽകാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2 ) രജിസ്ട്രാർ , ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർക്ക്

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് ), എ.ഡി.ഡി, എക്സാം ഓഡിറ്റ് 1, എക്സാം ക്യാഷ്

(6 ) ഫിനാൻസ് 1 , കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ,

(7 ) ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വിഭാഗം

Draft #2 of File 55871/AC B7-3/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Feb-2022 01:31 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം